**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1548** **19-01-2021 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പ് ഫാമുകളിൽ ദിവസവേതനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഫാമുകളിൽ ആവശ്യമായത്ര സ്ഥിരം തൊഴിലാളികളും കാഷ്വൽ തൊഴിലാളികളും ഇല്ലാത്ത സാഹചര്യത്തിൽ അടിയന്തരവും അനിവാര്യവുമായി ചെയ്യേണ്ട കാർഷിക ജോലികൾക്ക് ദിവസവേതനക്കാരെ നിയമിക്കുവാൻ ഫാം സൂപ്രണ്ടിന് അനുമതിയുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അനുമതി നൽകുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനാരെന്ന് വ്യക്തമാക്കുമോ; | (എ) | ഫാം സൂപ്രണ്ടിന് സ്വമേധയാ ജോലിക്കാരെ നിയമിക്കുന്നതിന് അനുമതി ഇല്ല. ഓരോ ഫാമുകളിലും സർക്കാർ അനുവദിച്ചിട്ടുള്ള തൊഴിലാളികളെ മാത്രമേ നിയമിക്കാൻ വ്യവസ്ഥയുള്ളൂ. |
| (ബി) | പ്രസ്തുത അനുമതി ലഭിക്കേണ്ടതിലേക്ക് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) | ഓരോ ഫാമിലേയും തൊഴിൽ ആവശ്യകത കണക്കിലെടുത്തു ഒരു വർഷത്തെ തൊഴിൽ ദിനങ്ങളിൽ നിന്നും (3 വർഷത്തെ ശരാശരി) വിളവെടുപ്പിനുള്ള തൊഴിൽ ദിനങ്ങൾ കുറച്ചുകിട്ടുന്നതിനെ 240 ദിവസം കൊണ്ട് ഭാഗിച്ച് കിട്ടുന്ന അനുപാതത്തിലാണ് തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ തൊഴിലാളികളുടെ എണ്ണം അംഗീകരിക്കുന്നത്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിലെ തൊഴിലാളികളെ സ്ഥിരമായോ, ദിവസ വേതനത്തിലോ, താൽക്കാലികമായോ, നിയമിക്കുന്നത് സംവരണക്രമം പാലിച്ച് ഫാം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയായിരിക്കണം എന്ന് സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിൽ നിന്നും കായിക ക്ഷമത, കൂടിക്കാഴ്ച എന്നിവ നടത്തി അർഹരായവരുടെ പട്ടിക തയ്യാറാക്കുകയും ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ തൊഴിലാളികൾക്കുള്ള നിയമന ഉത്തരവ് നൽകുകയാണ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ